ജി എച്ച് എസ്സ് എസ്സ് ചേരാനല്ലൂർ
2023-24

# കലിക



## എഡിറ്റോറിയൽ ബോർഡ്

ക്രിസ്റ്റീന എൽദോസ്
അനുപ്രിയ പ്രദീപ്
ഹേസൽ മരിയ
ഐറിൻ വർഗ്ഗീസ്
അൽഫോൺസാ ടി പി
ഡെറീന ഡേവിസ്
അൽഫിയ കെ എ
അനഘ എ ജി

## കവർ പേജ് ഡിസൈൻ

ജൂഡിറ്റ് ജോയി
ഐവിൻ പൗലോസ്

## കൈറ്റ് മാസ്റ്റേഴ്സ്

സീന പി
അശ്വതി ഇ ആർ



# ആമുഖം

2023-24 അധ്യയനവർഷത്തിൽ ഗവ. ഹയർസെക്കന്ററി സ്ക്രൂൾ ചേരാനല്ലൂരിലെ വിദ്യാർത്ഥികൾ പങ്കുവച്ച ആശയങ്ങളും പഠനപ്രവർത്തനങ്ങളും സ്വരൂപിച്ച് തയ്യാറാക്കിയ "കലിക" എന്ന ഡിജിറ്റൽ മാഗസിൻ അഭിമാനപുരസ്സരം നിങ്ങൾക്കായി സമർപ്പിച്ചുകൊള്ളുന്നു. ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ലിറ്റിൽ കൈറ്റ്സ് കുടുംബാംഗങ്ങൾക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി.

# സന്ദേശം

ജി എച്ച് എസ്സ് എസ്സ് ചേരാനല്ലൂരിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ പ്രയത്നഫലമാണ് "കലിക" ഡിജിറ്റൽ മാഗസിൻ- 2023-24. കുട്ടികളുടെ സൃഷ്ടികൾ കൊണ്ടും ഡിജിറ്റൽ സാധ്യതകൾകൊണ്ടും മനോഹരമാണ് ഈ മാഗസിൻ. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

സിജി സി എം

ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ

വൈവിധ്യമാർന്ന ഡിജിറ്റൽ സാങ്കേതികവിദ്യകളെ പരിചയപ്പെടുവാനും അതുപയോഗിച്ച് "കലിക" മനോഹരമാക്കാനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഈ മാഗസിൻ എവർക്കുമായി സമർപ്പിക്കുന്നു.

ക്രിസ്റ്റീന എൽദോസ്
എഡിറ്റർ

# ഉള്ളടക്കം

## മികവുകളിലൂടെ......


1. പിറന്നാൾ സമ്മാനം - ആദിശേഷ് വി .എസ്
2. എന്റെ ഡയറിക്കുറിപ്പുകൾ -ജെസ്‌ലറ്റ് വർഗ്ഗീസ്
3. പിറന്നാൾ കുപ്പായം - അൽഫിയ ജോബി
4. ഉറ്റചങ്ങാതിമാർ -അദ്രിജ സുരേഷ്
5. ഞാൻ കണ്ട കാഴ്ച

    എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച-മഴവിൽ - ഹന്ന
    എന്റെ യാത്ര – വിനായക് പി.എൻ
    എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച – കീർത്തന എസ്
    വിമാനം – ആൻ ജോൺ
    മലയാറ്റൂർ – നോഹ്
    മഴവില്ല് – ലിയോൺ ലിജോ
    എനിക്ക് ഇഷ്ട്ടപ്പെട്ട കഴ്ച – വേദവൃന്ദ പി.എസ്
    ഇഷ്ട്ടപ്പെട്ട കാഴ്ച-ആൽമരം – എലീന പൗലോസ്
    അത്ഭുതപ്പെടുത്തിയ കാഴ്ച – ജൊഹന്ന ബിനു
    ഞാൻ കണ്ട കാഴ്ച – ജൊഹാൻ ജെയ്സൺ
    ഇല്ലിക്കക്കല്ല് – ഇവാൻ
    എന്റെ കപ്പൽ – പവിന

6. നായയും ആട്ടിൻ കുട്ടിയും – ജെസ്‌ലറ്റ് വർഗ്ഗീസ്
7. ഞാഞ്ഞൂല് – ആൽവീന എയ്ഞ്ചൽ വർഗ്ഗീസ്
8. വലിയ കുളത്തിലെ താറാവും തവളയും – ഇന്ദ്രജിത്ത് കെ അജിത്ത്
9. അണ്ണാൻ നദി മുറിച്ചുകടക്കുന്നു - ഹേസൽ മരിയ
10. **സ്വരരാഗം – വിദ്യാലക്ഷ്മി**
11. **മഷിപൂച്ച – ആദിദേഷ് അനിൽ കുമാർ**

12. കുന്നിൻ ചരിവിലെ കുഞ്ഞു കുളം

– ഡെറീന ഡേവിസ്

13.കുറുക്കനും കഴുതയും – ആഷിയോൺ ബേബി

14. കുയിലമ്മ – വിദ്യാലക്ഷ്മി

15. സഹായ ഹസ്തം – ഹേസൽ മരിയ

16. രണ്ട് കാക്കകൾ –അൽഫിയ കെ.എ

17. ശേഖരണം – നാലാം ക്ലാസ്സിലെ കുട്ടികൾ

18. തന്ത്രശാലിയായ കുറുക്കനും കാക്കയും

– ഡെറീന ഡേവിസ്

19. നാടുവിട്ടുപോയ ഒരു ബാലന്റെ കഥ

20. ആനയും തയ്യൽക്കാരനും – സൗരവ് രമേഷ്

21. ശലഭം – അൽഫോൻസാ ടി.പി

22. മിന്നു തറാവും കുഞ്ഞി തവളയും

– റിതിക രതീഷ്

23. കുട്ടൻ കടയിൽ – ജൊഹാൻ ജെയ്സൺ

24. എന്റെ തുമ്പത്തെ – വിദ്യാലക്ഷ്മി

25. കാടിന്റെ ഐശ്വര്യം – ആൻലിയ ജോമോൻ

26. ഡിജിറ്റൽ ചിത്രജാലകം – അനുപ്രിയ പ്രദീപ്

27. കവർ പേജ് ഡിസൈനുകൾ

# മികവുകളിലൂടെ.......


Perumbavoor Sub District
MATHS FAIR
HS SECTION
SECOND WITH A GRADE
STILL MODEL
KRIPA SEBASTIAN
Congrats




FINANCIAL LITERACY


Perumbavoor Sub district
Maths Fair
WINNERS
Sera Joshy VII
Puzzle
First with A
Up Section
Elsa Mariya Pathrose VII
Game First with A
Fazila Abdul gafoor VII
Still Model A grade
Aalwina Angel Varghese VII
Number chart A grade
Izebel Maria Xavi VII
Geometrical chart A grade











हिंदी
सितंबर
Happy Independence Day

# പിറന്നാൾ സമ്മാനം

മണിമല കാട്ടിൽ ചിന്നു ക്കിളിയുടെ മകളുടെ പിറന്നാളാണ്. കുഞ്ഞിക്കിളിയുടെ കൂട്ടുകാരെ വിളിക്കണം. പായസവും മധുര പലഹാരങ്ങളും ഉണ്ടാക്കി. അമ്മക്കിളിയും കുഞ്ഞിക്കിളിയും കൂട്ടുകാരെ വിളിക്കാൻ പോയി. പോകുന്ന വഴിക്ക് കുഞ്ഞനണ്ണാനേയും അവർ ക്ഷണിച്ചു. അത്തിമരത്തിലെ കൂട്ടിലാണ് ആഘോഷം നടക്കുന്നത്. തോരണങ്ങൾ തൂക്കി അത്തിമരം അലങ്കരിച്ചു. കൂട്ടുകാരികളും കുഞ്ഞനണ്ണാനും സമ്മാനങ്ങളുമായി എത്തി. കുഞ്ഞിക്കിളി അവർക്ക് പായസം വിളമ്പി . പായസം കുടിച്ച കൂട്ടുകാർക്ക് സന്തോഷമായി.

നല്ല മധുരം . നല്ല പായസം

ആദിശേഷ് വി എസ്
ജി എച്ച്.എസ്.എസ് ചേരാനല്ലൂർ
ക്ലാസ്സ് 1


# എന്റെ ഡയറിക്കുറിപ്പുകൾ

7/8/2023

ഇന്ന് ഞാൻ സ്കൂളിലേക്ക് പൂക്കൾ കൊണ്ടുപോയി. ടീച്ചർ പൂക്കൾ വച്ച് കണക്ക് കൂട്ടാൻ പഠിപ്പിച്ചു. ടീച്ചർ എനിക്ക് എട്ട് പൂക്കൾ തന്നു. ഞാൻ നാല് പൂക്കളുള്ള രണ്ട് ഗ്രൂപ്പുകളാക്കി. എല്ലാവർക്കും ടീച്ചർ പൂക്കൾ കൊടുത്തു.

25/8/2023

ഇന്ന് സ്കൂളിൽ ഓണാഘോഷം ആയിരുന്നു. പട്ടുപാവാടയാണ് ഇട്ടത്. സ്കൂളിലേക്ക് പൂക്കൾ കൊണ്ടുപോയി. അദ്രിജയുടെ അമ്മ എനിക്ക് തലയിൽ ചൂടാൻ മുല്ലപ്പൂവ് തന്നു. സ്കൂളിൽ പൂക്കളമിട്ടു. ഓണസദ്യ ഉണ്ടായി. കളികളും ഉണ്ടായി.




4
/9/2023

ഇന്ന് എന്റെ സ്കൂൾ തുറന്നു. ഞാൻ സ്കൂളിൽ പോയി. പോയപ്പോൾ മഴ പെയ്തു. ഞാൻ കുറെ നേരം കളിച്ചു. ഇന്ന് പുതിയ ടെക്സ്റ്റ് ബുക്ക് കിട്ടി. ആഗസ്റ്റ് 15ന് ദേശീയ പതാക വരച്ച് കളർ ചെയ്തതിന് ടീച്ചർ എനിക്ക് ഇന്ന് പെൻസിൽ സമ്മാനം തന്നു.


14/9/2023

**ഇന്ന് സ്കൂളിൽ യൂത്ത് ഫെസ്റ്റിവൽ ആയിരുന്നു. ഞാൻ കവിത ചൊല്ലി.നാടോടിനൃത്തം കളിച്ചു. അതിൽ എനിക്ക് ഒന്നാം സ്ഥാനം കിട്ടി. ഇന്നലത്തെ ശാസ്ത്രമേളയിൽ ഇലശേഖരണത്തിനും എനിക്ക് ഒന്നാം സ്ഥാനം കിട്ടി. ഞാനും അദിജയും ടീച്ചറുടെ കൂടെ നിന്ന് ഫോട്ടോ എടുത്തു.**



8/10/2023

ഇന്ന് ഞാൻ പുല്ലുവഴി സ്കൂളിൽ നാടോടിനൃത്തം മത്സരത്തിന് പോയി. കാലത്ത് 7:30ന് ഡാൻസ് ടീച്ചറുടെ വീട്ടിൽ പോയി മേക്കപ്പ് ചെയ്തു. ഞാനും അപ്പനും കൂടി ഓട്ടോയിൽ പോയി. അവിടെ കുറെ കുട്ടികൾ ഉണ്ടായിരുന്നു. എനിക്ക് 33 നമ്പർ ആണ് കിട്ടിയത്. 1:30നായിരുന്നു എന്റെ ഡാൻസ്. ഞാൻ നന്നായി കളിച്ചു. ടി വി ന്യൂസ്കാര് എന്നോട് കുറെ കാര്യങ്ങൾ ചോദിച്ചു. സീന ടീച്ചറും സിനി ടീച്ചറും സ്കൂളിൽ ഉണ്ടായി. ഡാൻസ് കഴിഞ്ഞപ്പോൾ സിനി ടീച്ചർ എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തന്നു. തിരിച്ച് എന്റെ സ്കൂളിൽ വന്നു. നൈസി ടീച്ചർ എന്നെ കെട്ടിപ്പിടിച്ചു. എനിക്ക് മിഠായി തന്നു. എല്ലാ ടീച്ചർമാരും ഡാൻസ് നന്നായി എന്ന് പറഞ്ഞു. എനിക്ക് സന്തോഷമായി.




9/10/2023

ഇന്ന് ഞാൻ സ്കൂളിൽ പോയി. അസംബ്ലി ഉണ്ടായി. ഇന്ന് നൈസി ടീച്ചർ വന്നില്ല. ട്രെയ്നിങ്ങ് ടീച്ചർമാരാണ് ഇന്ന് പഠിപ്പിച്ചത്. ഒരു സാറും നാല് ടീച്ചർമാരും ക്ലാസ്സിൽ വന്ന് പഠിപ്പിച്ചു. ടീച്ചർ പറഞ്ഞിട്ട് ഞാൻ ഡാൻസ് കളിച്ചു. രണ്ട് പാട്ട് പാടി. ബോർഡിൽ പടം വരച്ചു. ചോറ് ഉണ്ട് കഴിഞ്ഞ് വന്നപ്പോൾ ദിവ്യ ടീച്ചർ എന്നോട് പഠിപ്പിക്കാൻ പറഞ്ഞു. ഞാൻ പഠിപ്പിച്ചു. സംസാരിച്ചവരുടെ പേര് എഴുതി വച്ചു.

11/12/2023

ഇന്ന് ഞാൻ സകൂളിൽ പോയി .ഇന്ന് അസംബ്ലിയിൽ വച്ച് പടംവര ബുക്ക് സമ്മാനം തന്നു. എല്ലാ ദിവസവും ഡയറി എഴുതുന്നതിനാണ് സമ്മാനം തന്നത്. പുല്ലുവഴി സ്കൂളിൽ ഡാൻസ് കളിച്ച് എ ഗ്രേഡ് കിട്ടിയതിന്റെ സർട്ടിഫിക്കറ്റ് തന്നു. HM ആണ് തന്നത്. എനിക്ക് സന്തോഷമായി. ഞങ്ങൾ ഉണ്ടാക്കിയ പത്രം HM ന് കൊടുത്തു HM അത് സ്വീകരിച്ചു. ഇന്ന് കിട്ടിയ പടംവര ബുക്കിൽ വീട്ടിൽ വന്ന് പടംവരച്ചു. ഫെയറിയുടെ പടമാണ് വരച്ചത്.



ജൂസ്‌ലറ്റ് വർഗ്ഗീസ്
ക്ലാസ്സ് 1



# പിറന്നാൾ കുപ്പായം

ആ ഇരുട്ട് നിറഞ്ഞ മുറിയിൽ അവൾ ഒറ്റയ്ക്കായിരുന്നു. മുറിയിലെ തുറന്നിട്ട ജാലകത്തിലൂടെ അവളുടെ സുഖ വിശേഷങ്ങൾ അന്വേഷിക്കാൻ എത്തിയത് പോലെ സൂര്യന്റെ നേരിയ രശ്മികൾ അവളുടെ മുഖത്തേക്ക് പതിച്ചു. അവൾ പതിയേ ഉറക്കത്തിൽ നിന്നും ഉണർന്നു. ഒത്തിരി നാളുകളായി അവൾ അങ്ങനെ ഒന്ന് ഉറങ്ങിയിട്ട്. അല്ല സമാധാനത്തോടെ ഉള്ള ഉറക്കം എന്താണെന്ന് തന്നെ അവൾ മറന്നിരുന്നു. അവൾ തന്റെ കട്ടിലിൽ എഴുന്നേറ്റിരുന്നു. അവൾ ആ മുറി മുഴുവനും ഒന്ന് നിരീക്ഷിച്ചു. താൻ ഇങ്ങനെ ഒരിടത്ത് എത്തുമെന്ന് അവൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. അവൾ സ്വയം ഒന്നു ചിന്തിച്ചു അവളുടെ ജീവിതം എത്രമാത്രം മാറിയിരിക്കുന്നു. അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വരുവാൻ തുടങ്ങി. തന്റെ ജീവിതത്തിലെ കഴിഞ്ഞ നാളുകളിലേക്ക് അവളുടെ ഓർമ്മകൾ സഞ്ചരിച്ചു. കഴിഞ്ഞ വർഷം ഒക്ടോബർ മാസം പത്താം തിയതി തന്റെ കുടുംബത്തോടൊപ്പം അവൾ ചിലവഴിച്ച അവസാന ദിവസം. പെട്ടെന്ന് പുറത്ത് കുട്ടികൾ ചിരിക്കുന്നതും എല്ലാം കേട്ട് അവൾ അവളുടെ ചിന്തകളിൽ നിന്നും ഉണർന്നു. ആ കൊച്ചു കുട്ടികളുടെ ശബ്ദം കേട്ടപ്പോൾ അവൾ തന്റെ കൊച്ചനുജനെ ഓർത്തു.

അവൻ വളരെ കുറുമ്പനായിരുന്നു. അവളുടെ കണ്ണുകളിൽ നിന്ന് വരുന്ന കണ്ണുനീരിനു ശക്തി കൂടി തന്റെ കട്ടിലിലേക്ക്ചാരിക്കിടന്നു. തന്റെ കൊച്ചനുജൻ ഇർഫാൻ അവളുടെ ഇച്ചു. അവന് ഇത്താത്തനെ ഒത്തിരി ഇഷ്ടമായിരിന്നു. എന്തിനേറേ പറയുന്നു. ഇത്താത്തടെ ഒപ്പം അല്ലാതെ അവൻ ഉറങ്ങുക പോലും ഇല്ലായിരുന്നു. ആ നൊമ്പരം നിറഞ്ഞ ഓർമ്മക്കിടയിൽ എപ്പോഴാണെന്ന് അറിയില്ല അവൾ പതിയെ ഉറക്കത്തിലേക്ക് വഴുതിവീണു. ഉറക്കത്തിൽ ഒരു സ്വപ്നം എന്ന വണ്ണം ആ ദുരിത ദിവസം അവളുടെ മനസ്സിലേക്ക് വന്നു.

അത്ര വലിയ സമ്പന്നരൊന്നും അല്ലെങ്കിലും അത്യാവശ്യം വക ഉള്ള **വീട്ടിൽ ആണ് അവൾ ജനിച്ചത്. ഫാത്തിമ ഫർഹത്ത് എന്നാണഅ യഥാർത്ഥ പേരെങ്കിലും പാത്തു എന്ന ഓമന പേരിലായിരുന്നു അവൾ കൂടുതൽ അറിയപ്പെട്ടിരുന്നത്.**

**ഒക്റ്റോബർ 10 ഇന്ന് എന്റെ ജന്മദിനം ആണ് . ഇന്ന് എനിക്ക് 9 വയസ്സ് തികയും പാത്തു! പാത്തു! പാത്തു എഴ്ന്നേറ്റേ ! തന്റെ ജന്മദിന ആഘോഷങ്ങൾ സ്വപ്നം കണ്ട് ഉറങ്ങുന്ന പാത്തുനെ ഉമ്മ വിളിച്ചെഴ്ന്നേൽപ്പിച്ച. ഉപ്പ ന്നെ വിളിക്കുന്നുണ്ട് . അവൾ കട്ടിലിൽ നിന്ന് ചാടി എഴ്ന്നേറ്റ് മുഖം കഴ്കി ഹാളിലേക്ക് ഓടി ഉപ്പാനെ ചെന്ന് കെട്ടിപ്പിടിച്ചു. അവളെ ചേർത്ത് പിടിച്ച് ഒരു മുത്തം കൊടുത്ത് കഴിഞ്ഞ് ഉപ്പ ചോദിച്ചു ;ഉപ്പാന്റെ പാത്തൂന് പിറന്നാളിന് എന്താ വേണ്ടേ? അവൾ ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു.”ഞാൻ അന്ന് ഉപ്പാനെ കാണിച്ച് തന്ന കുപ്പായമില്ലേ? എനിക്ക് അത് വാങ്ങിച്ചുതന്നാൽ മതി .” ഉപ്പ തലകുലുക്കി സമ്മതിച്ചെങ്കിലും തന്റെ മകൾ ചോദിച്ച ആഗ്രഹം തനിക്ക് സാധിച്ചുകൊടുക്കാൻ**

പറ്റുമോ എന്ന് ആ മനുഷ്യന് ഉറപ്പില്ലായിരുന്നു. കാശിന് കുറവിണ്ടായിട്ടില്ല യുദ്ധം പ്രഖ്യാപിച്ചതോടെ സ്വന്തം വീടിന്റെ പുറത്തു പോലും ഇറങ്ങാൻ പോലും പറ്റാത്ത അവസ്ഥയായി . എന്നാൽ കുട്ട്യോളോട് എന്ത് പറഞ്ഞിട്ട് എന്ത് കാര്യം? അയാൾ തന്റെ ഭാര്യയേ നിസ്സഹായതയോടെ ഒന്ന് നോക്കി ."ഭാര്യ പറഞ്ഞു :ഇങ്ങള് എന്തായാലും ഒന്ന് പോയി നോക്ക് പാത്തുനോട് പറഞ്ഞ് മനസ്സിലാക്കാൻ പറ്റുന്ന് തോന്നണില്ല."

തന്റെ മകൾക്ക് കൊടുത്ത വാക്ക് പാലിക്കണം എന്ന ചിന്തയിൽ അദ്ദേഹം വീടു വിട്ടിറിങ്ങി. തെരുവിൽ എത്തി. വിജനം ആയി കിടക്കുന്ന ആ തെരുവിലൂടെ അദ്ദേഹം മെല്ലെ നടന്നു. ഒത്തിരി കടകളിൽ കയറി ഇറങ്ങി എങ്ങും തന്റെ മകൾ പറഞ്ഞ കുപ്പായം കിട്ടാനില്ല. പിന്നീടാണ് അദ്ദേഹം ശ്രദ്ധിച്ചത് താൻ തന്റെ വീടുവിട്ടിറങ്ങിയിട്ട് വളരെ അധികം സമയം കഴിഞ്ഞിരിക്കുന്നു. രാജ്യത്ത് യുദ്ധം പ്രഖ്യാപിച്ചതിനു ശേഷം ഒന്നോ രണ്ടോ മണിക്കൂറിനും കൂടുതൽ പൊതുസ്ഥലത്ത് നിന്നവരെ പോലീസ് പിടികൂടിയ വാർത്തകൾ അദ്ദേഹത്തിന്റെ മനസ്സിലേക്ക് വന്നു.

പെട്ടെന്ന് അദ്ദേഹത്തെ ഞെട്ടിച്ചുകൊണ്ട് പുറകിൽ നിന്നും ഒരലർച്ച. പേടിച്ചു തിരിഞ്ഞു നോക്കിയപ്പോൾ കണ്ടത് കൈയിൽ തോക്കുമായി നിൽക്കുന്ന ഒരു സൈനീകനെ ആയിരുന്നു. അയാളുടെ ചുവന്നു തുടുത്ത കണ്ണുകൾ കൊണ്ടുള്ള നോട്ടം തന്നെ ആ മനുഷ്യനെ ഭീതിപ്പെടുത്തി. തോക്കുമായി അടുത്തേക്ക് ഓടിയടുക്കുന്ന ആ സൈനീകനെ കണ്ടമാത്രയിൽ തന്നെ അദ്ദേഹം പകച്ചുപോയിരുന്നു. അയാൾ അടുത്തെത്തി അടിക്കാനായി ഓങ്ങിയെങ്കിലും അടിച്ചില്ല തോക്കിന്റെ അറ്റം കൊണ്ട് ശക്തിയായി മുന്നോട്ട് തള്ളിയിട്ട് പോകാനായി ഗൗരവത്തോടെ പറഞ്ഞു. അദ്ദേഹം വളരെയേറെ നിരാശയോടെ വീട്ടിലേക്ക് തിരിച്ചു മടങ്ങി.

വീട്ടിലെത്തിയ ഉടനെ പാത്തു ഓടി വന്ന് ഉപ്പാന്റെ കൈകളിൽ തന്റെ സമ്മാനപ്പൊതി ഒന്ന് പരതി. എന്നാൽ ഉപ്പാന്റെ കൈകൾ ശൂന്യമായിരുന്നു. അവൾ ഉപ്പാനോട് പിണങ്ങി. തന്റെ മുറിയിലേക്ക്ഓടി,വാതിലടച്ചു. ഉമ്മയും ഉപ്പയും മാറിമാറി പോയി അവളെ സമാധാനാപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ അതൊന്നും ചെവിക്കൊണ്ടില്ല. പിറന്നാൾ ദിവസം തന്നെ മകൾ കരയുവാൻ കാരണം താൻ ആണല്ലോ എന്ന ചിന്തയിൽ ആ ഉപ്പ സ്വയമേ കുറ്റപ്പെടുത്തുന്നത് കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു"അവൾ കുഞ്ഞല്ലേ, ഇങ്ങള് വിഷമിക്കണ്ട നാളെ രാവിലെ ആകുമ്പോൾ എല്ലാം ശരിയായി കൊള്ളും ". മനസ്സിൽ ഒത്തിരി വിഷമം  ഉള്ളത് കൊണ്ടാണോ ഇനി അതല്ലാ യുദ്ധം ഇങ്ങനെ തുടർന്നാൽ തങ്ങളുടെയും തങ്ങളുടെ മക്കളുടെയും ജീവിതം എന്തായി തീരും എന്നൊക്കെയുള്ള ചിന്തകൾ കൊണ്ടാണോ എന്നറിയില്ല അവർ ഇരുവരും അന്ന് ഹാളിൽതന്നെ ഇരുന്നു.ഇരുവരും സ്വജീവിത പ്രശ്നങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും പരസ്പരം ആശ്വസിപ്പിക്കുകയും ചെയ്തു.

ഇച്ചുവും അവരോടൊപ്പം ഇരുപ്പുണ്ടായിരുന്നു. സ്ഥിരമായി ഇത്താത്താന്റെ ഒപ്പം ഉറങ്ങിയിരുന്ന ഇച്ചു ഇത്താത്തയുടെ മുറിയുടെ വാതിൽ മുട്ടിവിളിച്ചു വാതിൽ തുറന്നില്ല. ഇച്ചു വിഷമത്തോടെ ഹാളിലേക്ക് ചെന്ന് ഉമ്മാന്റെ മടിയിൽ തല ചാച്ച് കിടന്ന് പതിയേ ഉറങ്ങി.

ഒത്തിരി കരഞ്ഞത് കൊണ്ടാകും രാത്രിയിൽ എപ്പോഴൊ അവൾ പതിയേ ഉറക്കത്തിലായി കഴിഞ്ഞിരുന്നു.ഡും!!!
ശക്തമായി എന്തോ പൊട്ടുന്ന ശബ്ദം കേട്ട് അവൾ വിറയലോടെ ഞെട്ടി ഉണർന്നു. അവൾ എഴുന്നേറ്റ്  മുറിയുടെ വാതിൽ തുറന്ന് ഹാളിലേക്ക് ഓടി. അവിടെ കണ്ട കാഴ്ചയിൽ ഒരു നിമിഷത്തേക്ക് അവൾ തരിച്ചിരുന്നു പോയി. തന്റെ ജീവിതത്തിൽ തനിക്ക് ആകെ സ്വന്തമായി ഉണ്ടായിരുന്ന  തന്റെ ഉമ്മയും

ഉപ്പയും കൊച്ചനുജനും എല്ലാം തന്നെ വിട്ടുപോയിരിക്കുന്നു. അവസാനമായി ഒന്ന് കാണാൻ പോലും സാധിക്കാത്ത വിധം അവരുടെ ദേഹമെല്ലാം മണ്ണിനടിയിൽ ആയിക്കഴിഞ്ഞിരുന്നു

ദൂരെ നിന്ന് ചീറിപ്പാഞ്ഞ് വരുന്ന ആമ്പുലൻസിന്റെയും കുറേ ആളുകളുടെയും എല്ലാം ശബ്ദം അവൾ കേട്ടുവെങ്കിലും ജീവനറ്റ ഒരു വസ്തുവിനേപ്പോലെ നിശ്ചലമായി ഇരുന്നു.

പെട്ടെന്ന് ആരോ കതകിൽ മുട്ടുന്നത് കേട്ട് അവൾ തന്റെ ചിന്തകളിൽ നിന്നുണർന്നു. അവൾ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു. രാവിലെ ഒത്തിരി സമയം ആയിട്ടും അവളെ മുറിക്ക് വെളിയിൽ കാണാത്തതിനാൽ അന്വേഷിക്കാൻ വന്ന അവളുടെ ഹോസ്റ്റലിൽ തന്നെ ഉണ്ടായിരുന്ന മറ്റു കുട്ടികൾ ആയിരുന്നു അത് . നീ ഭക്ഷണം കഴിക്കാൻ വരുന്നില്ലേ?അവർ അവളോട് ചോദിച്ചു. സാധാരണയായി അവൾ അവരെയും അവരുടെ സൗഹൃദത്തെയും എല്ലാം അവഗണിക്കാറാണ് പതിവ്. എന്നാൽ ഇന്ന് അവൾ അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു. “ഞാൻ ഇതാ വരുന്നു.” അവൾ തിരികെ മുറിയിൽ കയറി വാതിൽ അടച്ചു. എന്നിട്ട് മുറിയിലെ ചെറിയ കണ്ണാടിയിൽ നോക്കി അവൾ ഇങ്ങനെ പറഞ്ഞു. “ജീവിക്കണം ന്റെ ഉപ്പയും ഉമ്മയും ആഗ്രഹിച്ചിരുന്നത് പോലെ ജീവിക്കണം.”




അൽഫിയ ജോബി
ക്ലാസ് : 8

# ഉറ്റ ചങ്ങാതിമാർ

ഒരു കാട്ടിൽ ഒരു തടാകം ഉണ്ടായിരുന്നു. ആ തടാകത്തിന് ചുറ്റും കുറേ കൂട്ടുകാർ താമസിച്ചിരുന്നു. അവർ ആരൊക്കെയാണെന്ന് അറിയണ്ടേ ? കുഞ്ഞിത്താറാവും കുഞ്ഞിത്തവളയും പിന്നെ കുറേ മീനുകളും ഒരു ദുഷ്ടനായ പാമ്പും.

ഒരു ദിവസം കുഞ്ഞിത്താറാവും കുഞ്ഞിത്തവളയും തമ്മിൽ തർക്കമുണ്ടായി. ആരാണ് നന്നായി നീന്തുന്നത് ? മീനുകൾ പറഞ്ഞു നമുക്ക് മത്സരം നടത്താം.

അവർ നീന്തിത്തുടങ്ങി. മീനുകൾ കൈ അടിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ മാളത്തിൽ നിന്നും പാമ്പ് പുറത്തു വന്നു. ഇതു കണ്ട കുഞ്ഞി താറാവ് കുഞ്ഞിത്തവളയോട് പറഞ്ഞു നമുക്ക് മത്സരം അവസാനിപ്പിക്കാം. അല്ലെങ്കിൽ ആ ദുഷ്ടനായ പാമ്പ് നമ്മളെ വിഴുങ്ങും. ഇതു കേട്ട കുഞ്ഞി ത്തവള പേടിച്ച് നിലവിളിച്ചു. വരൂ വേഗം രക്ഷപെടാം. നീ എന്റെ പുറത്ത് കയറിക്കോ. കുഞ്ഞിത്താറാവ് പറഞ്ഞതു കേട്ട കുഞ്ഞിത്തവള വേഗം ചാടി പുറത്തു കയറി . അവിടെ നിന്നും രക്ഷപെട്ടു.



അദ്രിജ സുമേഷ് ക്ലാസ്സ് 1

ജി എച്ച് എസ് എസ് ചേരാനല്ലൂർ

# ഞാൻ കണ്ട കാഴ്ച

## എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച – മഴവിൽ



ഞാൻ ആകാശത്ത് ഒരു മഴവിൽ കണ്ടു. അതിന് കുറേ നിറങ്ങൾ കണ്ടു. എഴ്ജ നിറങ്ങൾ കണ്ടു. പിന്നെ മഴവില്ലിൽ പല നിറങ്ങൾ ഉണ്ട്. അത് നല്ല ഭംഗിയായിരുന്നു. ആകാശത്ത് മഴപെയ്തു തോരുമ്പോഴോ പെയ്യുന്നതിനുമുമ്പോ ആണ് മഴവിൽ ഉണ്ടാകുന്നത്. വട്ടം വരച്ചപ്പോലെ കാണുന്ന ഈ മഴവിൽ ആണ് എന്നെ അത്ഭുതപ്പെടുത്തിയ
കാഴ്ച്ച.

ഹന്ന
ക്ലാസ് : 4

## എന്റെ യാത്ര

ഞാൻ ഒരു ദിവസം തമിഴ് നാട്ടിൽ പോയപ്പോൾ കന്യാകുമാരിയിലെ വിവേകാനന്ദ പാറ കണ്ടിരുന്നു. കന്യാകുമാരിയിൽ നിന്ന് ഏകദേശം ആറ് മണിയോടെ സൂര്യൻ അസ്തമിക്കുമ്പോൾ കാണാൻ നല്ല ഭംഗിയാണ് . അതു കണ്ടപ്പോൾ ഞാൻ അതിശയപ്പെട്ടുപോയി. ഞങ്ങൾ രണ്ടു മൂന്നു ദിവസം അവിടെ നിന്നു. താമസിച്ചിട്ട് ബീച്ചിൽ നിന്നു തിരികെ ഞാനും എന്റെ അമ്മയും അച്ഛനും ചേട്ടനും തിരികെ വരുമ്പോൾ ഞങ്ങൾ ഒരു സിനിമാനടനെ കണ്ടു.പിന്നീട് ഞങ്ങൾ അരുവിപ്പുറം ക്ഷേത്രത്തിലേക്ക് ആണ് പോയത്. ഞാനും എന്റെ കൂട്ടുകാരനും അരുവിയിൽ കുളിച്ചു. അവിടെ ഭീമന്റെ കാൽ പാദം ഞാൻ കണ്ടു . ആ ഭീമന്റെ കാൽ പാദം വളരെ വലുതാണ് .ആ വലിയ പാറയിൽ അത്രയും പാദം തെളിഞ്ഞു കണ്ടത് എന്നെ അത്ഭുതപ്പെടുത്തി. എങ്ങനെയായിരിക്കും അത് അവിടെ പതിഞ്ഞത്.



---

വിനായക് പി.എൻ
ക്ലാസ് : 4

## എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച

**ഞാൻ ഒരു മഴവില്ലിനെ കുറിച്ചാണ്എഴുതുന്നത്. ആദ്യമായി ഞാൻ മഴവില്ലിനെ കാണുന്നത് എന്റെ അമ്മവീട്ടിലാണ്. മഴവില്ലിന് ഏഴുനിറമുണ്ട്. മഴവില്ല് ആകാശത്താണ് കാണാൻ പറ്റുന്നത്. എന്തു ഭംഗിയാണ് മഴവില്ലിനെ കാണാൻ. മഴക്കാറ് വരുമ്പോൾ ആകാശത്തേക്ക് സൂര്യപ്രകാശം അടിക്കുമ്പോൾ മഴവില്ല് തെളിഞ്ഞു വരും. മഴപെയ്യുമ്പോൾ മഴവില്ല് മാഞ്ഞുപോകും. ഇതാണ് എന്നെ വിസ്മരിപ്പിച്ചത് ആകാശത്ത് മഴവില്ല് എങ്ങനെ നിൽക്കുന്നു എന്നതാണ് .**

## വിമാനം

ഞാൻ എല്ലുക്കൽ പോയി ഞാൻ എയർപോർട്ടിൽ കയറി വീമാനം കണ്ടപ്പോൾ അത്ഭുതപ്പെട്ടു പോയി ആകാശത്ത് കാണുമ്പോൾ എത്ര ചെറുതാണ് എയർപ്പോട്ടിൽ കണ്ടപ്പോൾ വളരെ വലുപ്പമാണ് ഇതാണ് എന്നെ അതിശയപ്പെടുത്തിയത്.

–ആൻ ജോൺ
ക്ലാസ് : 4

## മലയാറ്റൂർ

ഒരു ദിവസം ഞാനും എന്റെ അച്ഛനും മലയാറ്റൂരിൽ പോയി. ഞാൻ പ്രാർത്ഥിച്ചു. ഞാൻ കളിച്ചു. ഞാൻ മലയിറങ്ങി. ഞാൻ കുരിശിന്റെ വഴി നടന്നു. ഞാൻ പള്ളിയിൽ കയറി. എനിക്ക് പ്രാർത്ഥിക്കാൻ വളരെ ഇഷ്ടമാണ്. പെട്ടെന്ന് മഴ പെയ്തു. എനിക്ക് സങ്കടമായി. പെട്ടെന്ന് സൂര്യൻ വന്നു വെള്ളം പറ്റി.

നോഹ്
ക്ലാസ് : 4

## മഴവില്ല്

ഒരു ദിവസം ഞാൻ മഴവില്ല് കണ്ടു. മഴ പെയ്തു കഴിയുമ്പോഴാണ് മഴവില്ല് കാണുന്നത്. മഴവില്ലിന് ഏഴ് നിറമുണ്ട്. മഴവില്ല് വളഞ്ഞിരിക്കുന്നു. എങ്ങനെയാ അത് വളഞ്ഞിരിക്കുന്നത്. അത് എന്നെ അതിശയപ്പെടുത്തി.

ലിയോൺ ജിജോ
ക്ലാസ് : 4

## എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച്ച

ഞാൻ ഒരു തത്തയെ കാണുന്നത് എന്റെ അമ്മവീട്ടിൽ വച്ചാണ്. തത്തയെ കണ്ടത് എനിക്ക് വലിയ സന്തോഷമായി.  നല്ല മഴയായിരുന്നു. അപ്പോൾ തത്ത സംസാരിക്കാൻ തുടങ്ങി. അപ്പോൾ എനിക്ക് വലിയ സന്തോഷമായി . മഴ നിന്നപ്പോൾ തത്ത കുഞ്ഞുങ്ങളെ വിളിച്ചുകൊണ്ടു വന്നു തത്ത സംസാരിച്ചപ്പോൾ കുഞ്ഞുങ്ങളും കൂടെ സംസാരിച്ചു തുടങ്ങി  അത് എന്നെ ഒരുപാട് അത്ഭുതപ്പെടുത്തി .

## അത്ഭുതപ്പെടുത്തിയ കാഴ്ച്ച

ഞാൻ ഒരു ദിവസം മഴവില്ല് കണ്ടു. മഴവില്ലിന് ഏഴ് നിറങ്ങളുണ്ട്. മഴവില്ല് ആകാശത്ത് ഉണ്ടാകും. മഴവില്ലിന് പച്ച,ചുവപ്പ്,മഞ്ഞ,നീല എന്നിങ്ങനെ പല തരം നിറങ്ങളുണ്ട്. എനിക്ക് മഴവില്ലിനെ വളരെ ഇഷ്ട്മാണ്. നല്ല ഭംഗിയാണ് മഴവില്ലിനെ കാണാൻ. മഴ പെയ്യുന്നതിന് മുൻമ്പോ പെയ്തതിന് ശേഷമോ മഴവില്ലിനെ കാണാൻ കഴിയും. വില്ല് പോലെ ഉള്ളതുകൊണ്ടാണ് മഴവില്ല്  എന്ന പേര് വന്നത്. ആകാശത്ത് ആരോ വരച്ചതുപോലെ മഴവില്ല് കാണുന്നു. ഇതാണ് എന്നെ അത്ഭുതപ്പെടുത്തിയ കാഴ്ച്ച.

## എനിക്ക് ഇഷ്ടപ്പെട്ട കാഴ്ച -ആൽമരം

എന്റെ വീടിനടുത്തായി ഒരു ബസ്സ്റ്റോപ്പുണ്ട്. ഞാൻ സ്കൂളിലേക്ക് പോകാൻ അവിടെയാണ് ബസ് കാത്തു നിൽക്കാറുള്ളത്. അതിനു തൊട്ടടുത്തായി വലിയ ഒരു ആൽമരം ഉണ്ട്. ഇരുന്നൂറ് വർഷത്തിലതികം പഴക്കമുണ്ട് ആ മരത്തിനെന്നു എന്റെ മുത്തശ്ശി പറഞ്ഞു. മുത്തിശ്ശിയുടെ അച്ഛന്റെ കാലത്തും ആ മരം അവിടെത്തന്നെ ഉണ്ടായിരുന്നത്രേ. ഒരുപാട് കിളികൾ ആ മരത്തിൽ കൂടുകൂട്ടിയിട്ടുണ്ട്. ഏതു നേരവും കിളികളുടെ ശബ്ദത്താൽ മുഖരിതമാണ് ആ പ്രദേശം. ഇത്രയും വർഷമായിട്ടും ഇന്നും ആ മരം വളർന്നു കൊണ്ടിരിക്കുന്നു. നൂറ് കണക്കിന് വർഷങ്ങൾ ഇനിയും മനുഷ്യർക്ക് തണലും കിളികൾക്കു വാസസ്ഥലവും നൽകാനായി ഈ ആൽ മരം എന്നും എനിക്ക് വിസ്മയം നിറഞ്ഞതാണ്.

എലീന പൗലോസ്
ക്ലാസ്സ് 4

# ഞാൻ കണ്ട കാഴ്ച

ഞാൻ  ഒരു ബീച്ചിൽ പോയി അവിടെ എനിക്ക്  ഇഷ്ടപ്പെട്ട കാഴ്ച ഞാൻ അവിടെ ഒരു മീനിനെ കണ്ടു അതിന് സ്വർണ നിറമായിരുന്ന കടൽവെള്ളത്തിൽ അത് തിളങ്ങി . ഇത്  എന്നെ അതിശയപ്പെടുത്തി. അപ്പോൾ ഞാൻ ആ മീനിനെ പിടിച്ചു പിന്നെ ഞാൻ  ആ മീനിനെ  കടലിലേക്ക് വിട്ടു.ഞാൻ അവിടെ വേറെ കുറേ കാഴ്ചകൾ കണ്ടു.അപ്പോൾ
ഞാൻ അവിടെ നിന്ന് ഒരു മീനിനെ വാങ്ങി. എന്നിട്ട് ഞാൻ ആ മീനിനെ വീട്ടിലേക്ക് കൊണ്ടുവന്നു. അതിന് തീറ്റ കൊടുത്തു വളർത്തി.

ജൊഹാൻ ജെയ്സൺ



## ഇല്ലിക്കക്കല്ല്

ഇടുക്കി ജില്ലയിലെ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് ഇല്ലിക്കക്കല്ല്. എനിക്കവിടെ പോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ ഞാൻ അമ്മയോടും അച്ഛനോടും പറഞ്ഞു എനിക്ക് ഇല്ലിക്കക്കല്ലിന് പോകണമെന്ന്. അപ്പോൾ അമ്മയും അച്ഛനും പറഞ്ഞു ക്രിസ്തുമസിന് പോകാമെന്ന്. അങ്ങനെ ഞാൻ ക്രിസ്തുമസ് ആകാൻ കാത്തിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി. ആ ദിവസം രാവിലെ ഞാനും അമ്മയും അച്ഛനും അനിയനും ഞങ്ങളുടെ ചെറിയ ഓട്ടോയിൽ കയറി പോയി. അവസാനം ഇല്ലിക്കക്കല്ലിന്റെ മുകളിലെത്തി. എന്റെ ജീവിതത്തിൽ മറക്കാനാകാത്ത യാത്രയായിരുന്നു അത്.

ഇവാൻ

## എന്റെ കപ്പൽ

ഒരു ദിവസം ഞാൻ കളിക്കാൻ ഇറങ്ങിയപ്പോൾ പഠോ എന്ന് ഇടിമിന്നൽ. ഞാൻ പേടിച്ച് വീട്ടിലേക്ക് പെട്ടെന്ന് ഓടി. മഴ പെയ്തു. മണ്ണിൽനിന്ന് പുതു മണം വന്നു. എന്റെ കുഞ്ഞു മരത്തിന്റെ കപ്പൽ ഞാൻ കുടയും ചൂടി വെള്ളത്തിലേക്ക് ഇറക്കി. എന്റെ കപ്പൽ വെള്ളത്തിൽ ഒഴുകുന്നത് ഞാൻ കണ്ടു. എന്നിട്ട് ഞാൻ വെള്ളത്തിലൂടെ ഓടി. ഞാൻ കുട വലിച്ചെറിഞ്ഞു. ഞാൻ വെള്ളത്തിൽ മുങ്ങി കളിച്ചു. പെട്ടെന്ന് മഴ നിന്നു. എനിക്ക് വിഷമായി. മഴവില്ല് വന്നു. എനിക്ക് സന്തോഷമായി. എന്നെ വിസ്മയിപ്പിച്ചത് മഴ കഴിഞ്ഞപ്പോൾ മഴവില്ല് എങ്ങനെ വന്നു എന്നതാണ്.


പവിന

# നായയും ആട്ടിൻക്കുട്ടിയും



മണിക്കുട്ടിയുടെ വീട്ടിൽ ഒരു അമ്മിണി ആട്ടും, ഡിങ്കൻ നായയും ഉണ്ടായിരുന്നു. അവർ നല്ല കൂട്ടുകാരായിരുന്നു. അമ്മിണി ആടിന് ഒരു കുഞ്ഞാട് ഉണ്ടായി. കുഞ്ഞാടിന് മണിക്കുട്ടി തുമ്പി എന്നാണ് പേരിട്ടത്. തുമ്പിയുടെ കൂടെ കളിക്കുവാൻ ഡിങ്കന് വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം അമ്മിണി ആടിന് മണിക്കുട്ടിയുടെ അമ്മ അടുത്തുള്ള പാടത്ത് കൊണ്ടുപോയി കെട്ടി കുറച്ച് കഴിഞ്ഞ് ആടിനെ പാടത്ത് കൊണ്ടു വരാൻ ചെന്നപ്പോഴാണ് അമ്മിണി ആട് പാടത്ത് ചത്തു കിടക്കുന്നത് കണ്ടത്. പട്ടികൾ കടിച്ചാണ് ആടിനെ കൊന്നത്. മണിക്കുട്ടിക്കും വീട്ടിലെ എല്ലാവർക്കും വിഷമമായി തുമ്പി അമ്മയെ കാണാതെ കരച്ചിലായി. മണിക്കുട്ടിയുടെ അമ്മ തുമ്പിക്കുള്ള പാല് കുപ്പിയിലാക്കി വച്ചിരുന്നു. തുമ്പി കരഞ്ഞപ്പോൾ ഡിങ്കൻ ഓടിവന്ന് ആ കുപ്പിപാല് തുമ്പിക്ക് കൊടുത്തു. പിന്നീട് ഡിങ്കൻ എപ്പോഴും തുമ്പിക്ക് കൂട്ടായി കൂടെ ഉണ്ടായിരുന്നു.

ജെസ്‌ലറ്റ് വർഗീസ്
ക്ലാസ് :1





# ഞാഞ്ഞൂല്

ഞാവൽക്കാ പോലെ തുടുപ്പും
നാട്ടുവരമ്പത്തോടിനടന്നും ബാല്യം
മണ്ണപ്പം ചുട്ടു കളിച്ചും
ഞങ്ങൾ വളർന്നില്ലേ
ഞാഞ്ഞൂളിൻ നീളം നോക്കി
പുറകേ പോയില്ലേ.........
ഞണ്ടുകളും ഞവണിക്കായും
ഞാറ്റുവരമ്പിൻ വായ്പൊത്തുകളും
പച്ചഞെരമ്പുകളിനിയുണ്ടോ
ഞാൻ പാടും പാട്ടിനിലകൾ
ഞെട്ടിൻ പൊലിയുന്നോ
മാവിൻകൊമ്പത്തുഞ്ഞാലാടി
കണ്ണിമാങ്ങകടിച്ചുരസിച്ചും
ചെറുതോട്ടിൽ മീൻ പിടിച്ചും
ഞങ്ങൾ കളിച്ചില്ലേ
ഞാറ്റുവേല കാറ്റിൻ ഞങ്ങൾ
ആടി ഉലഞ്ഞില്ലേ...........


ആൽവീന എയ്ഞ്ചൽ വർഗ്ഗീസ്
ക്ലാസ്സ് : 7 എ

# വലിയ കുളത്തിലെ താറാവും തവളയും.

ചിന്നു താറാവും ശംഭു തവളയും വലിയ കുളത്തിലെ ചങ്ങാതിമാരായിരുന്നു. അവർ ഒരുമിച്ചാണ്  നേരം വെളുക്കുമ്പോൾ മുതൽ കളിയും ചിരിയും തല്ലു കൂടലും എല്ലാം . ടുട്ടുമീനും കിട്ടു ആമയും അവരുടെ കൂട്ടുകാരാണ്. അവർ സന്തോഷത്തോടെ ആ കുളത്തിൽ ജീവിച്ചു.



ഇന്ദ്രജിത് കെ അജിത്
ജി എച്ച് എസ് എസ് ചേരാനല്ലൂർ

# അണ്ണാൻ നദി മുറിച്ചുകടക്കുന്നു

മിന്നി ഒരു കുഞ്ഞു അണ്ണാനാണ്. നദിക്കടുത്തുള്ള ഒരു മരത്തിലാണ് അവൾ താമസിക്കുന്നത്. ഒരു ദിവസം മിന്നി മീൻ പിടിക്കുകയായിരുന്നു. സോനു മുയൽ നദിയുടെ മറുവശത്താണ് താമസിക്കുന്നത്. സോനു മിന്നിയെ തന്റെ ജന്മദിനപാർട്ടിയിലേക്ക് ക്ഷണിച്ചു. അത് കേട്ട് മിന്നി വളരെ സന്തോഷിച്ചു. പക്ഷേ അവൾക്ക് നീന്താൻ കഴിഞ്ഞില്ല. പിന്നെ എങ്ങനെ അവൾ സോനുവിന്റെ പിറന്നാൾ ആഘോഷത്തിന് പോകും? പെട്ടെന്ന് സോനുവിന് ഒരു ഐഡിയ തോന്നി. "എനിക്ക് ചരട് എറിയൂ , എന്നിട്ട് മരത്തിൽ മത്സ്യബന്ധന കൊളുത്ത് ശരിയാക്കൂ".സോനു പറഞ്ഞു. മിന്നി മരത്തിൽ കൊളുത്ത് ഉറപ്പിച്ചു. അപ്പുറത്തെ കുറ്റിക്കാട്ടിൽ സോനു ചരട് കെട്ടി. മിന്നി കുട ചരടിൽ തൂക്കി. മിന്നി കുടയിൽ ഇരുന്ന് പുഴ കടന്നു. മിന്നിയും സോനുവും ജന്മദിന ആഘോഷിച്ച.

ഹേസൽ മരിയ
ക്ലാസ് : 9

# സ്വരരാഗം

സ്വര രാഗങ്ങൾ നീട്ടും
സഹസ്രദളങ്ങളുള്ള പത്മ
പൂവിന്റെ മണിനാദം കേട്ടു
ഞാൻ ആ പുവിന്റെ മണിനാദം കേട്ടു  (2)
പൂവിന്റെ ഉള്ളിൽ പൂണ്ടിരിക്കുന്ന
സ്വരരാഗങ്ങൾ ഞാൻ കേട്ടു
പൂവിന്റെ സപ്ത സ്വരങ്ങൾ ഞാൻ കേട്ടു
ഞാൻ ആ സപ്തസ്വരങ്ങൾ കേട്ടു
കിളികളുടെ മണിനാദം ഞാൻ കേട്ടു
കാറ്റിന്റെ ഹുങ്കാര നാദം ഞാൻ കേട്ടു
പുഴയുടെ കളകളാരവം ഞാൻ കേട്ടു
മഴയുടെ മണിക്കിലുക്കം ഞാൻ കേട്ടു
ഞാൻ ആ പ്രപഞ്ചത്തിൽ ഓംകാരനാദം കേട്ടു
മണ്ണിലെ മാനവന് ഉള്ളിൽ വെളിച്ചം
പകരുന്ന വീണഗാനം ഞാൻ കേട്ടു
സഹസ്രദള പത്മത്തിൻ ഉള്ളിൽ
വിലസുന്ന സപ്ത സ്വരരാഗം ഞാൻ കേട്ടു
ഞാൻ ആ വീണഗാനം കേട്ടു
സ്വരരാഗങ്ങൾ നീട്ടും സഹസ്രദള പത്മ
ഞാൻ ആ പൂവിന്റെ മണിനാദം കേട്ടു

–
വിദ്യാ ലക്ഷ്മി
ക്ലാസ് :4

# മഷി പൂച്ച

ഒരു ദിവസം കിങ്ങിണി പൂച്ച വീടിനകത്തു കയറി. മേശ മേൽ എന്തോ ഇരിക്കുന്നു.വലിഞ്ഞു കയറി. അതാ ഒരു കുപ്പി! പതുക്കെ അടുത്തു ചെന്നു മണത്തു നോക്കി. മനസിലായില്ല. എന്താ ചെയ്യുക? ഒറ്റത്തട്ട്. കുപ്പി മറഞ്ഞു. ആകെ മഷി. നീല മഷി മേശയിലും ദേഹത്തും മഷിയായി. വെളുത്ത കിങ്ങിണി പൂച്ച നീല പൂച്ചയായി. കിങ്ങിണിക്ക് സങ്കടമായി.അവൾ പുറത്തേക്ക് ഓടി. പുറത്ത് നല്ല മഴ. അവൾ മഴ നനഞ്ഞു. മഷിയെല്ലാം പോയി. അവൾക്ക് സന്തോഷമായി.

ഞ്യാവൂ... ഞ്യാവൂ...

ആദിദേവ് അനിൽ കുമാർ
ക്ലാസ് :4

# കുന്നിൻ ചരിവിലെ
# കുഞ്ഞുകുളം

കുന്നിൻ ചരിവിലെ കുഞ്ഞുകുളത്തിൽ
പച്ചവിരിപ്പു പായലുകൾ
കുന്നിൻ ചരിവിലെ കുഞ്ഞുകുളത്തിൽ
താമര പൂത്തു ചിരിക്കുന്നു
കുന്നിൻ ചരിവിലെ കുഞ്ഞുകുളത്തിൽ
ആമ്പൽ മൊട്ട് കുണുങ്ങുന്നു

–ഡെറീന ഡേവിസ്
ക്ലാസ്സ് : 9

# കുറുക്കനും കഴുതയും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ ഒരു അലക്കുകാരാൻ ഉണ്ടായിരുന്നു. അയാൾ ഒരു കഴുതയെ വളർത്തിയിരുന്നു. രാവിലെയാകുമ്പോൾ കഴുതയുടെ പുറത്തു അലക്കാനുള്ള തുണികൾ വച്ച ആ അലക്കുകാരൻ പുഴക്കരയിലേക്ക് പോകും. വൈകിട്ടാകുമ്പോൾ തുണികളെല്ലാം അലക്കി ഉണക്കി കഴുതപ്പുറത്ത് വച്ചു തിരിച്ചു വീട്ടിൽ എത്തിക്കഴിഞ്ഞു രാത്രി ആകുമ്പോൾ അയാൾ തന്റെ കഴുതയെ കെട്ടഴിച്ചു സ്വതന്ത്രമായി വിട്ടിരുന്നു.ഈ സമയം കഴുത പറമ്പുകളിൽ പോയി കായ്കൾ കഴിക്കും. പുലരുന്നതിന് മുൻപുതന്നെ തന്റെ യജമാനന്റെ വീട്ടിലേക്ക് മടങ്ങുകയും ചെയ്തിരുന്നു. കഴുത ഇങ്ങനെ രാത്രിയിൽ ചുറ്റി കറങ്ങുന്നതിനിടയിൽ ഒരു ദിവസം ഒരു കുറുക്കനെ കാണാൻ ഇടയായി . പെട്ടെന്നുതന്നെ അവർ നല്ല സുഹൃത്തുക്കളാകുകയും ചെയ്തു. പീന്നിടുള്ള ദിവസങ്ങളിൽ അവർ ഒരുമിച്ചായി രാത്രിയിലുള്ള കറക്കം. അവർ രാത്രികളിൽ ഒരുമിച്ചു ആഹാരം തേടി കഴിച്ച് സന്തോഷത്തോടെ കഴിഞ്ഞു.

ആഷിയോൺ ബേബി
ക്ലാസ് : 8

# കുയിലമ്മ

എന്നും പ്രഭാതത്തിൽ കേട്ടുണരുന്ന
വേണു ഗാനമാണി കോകില ഗീതം
മുറ്റത്തിൻ അറ്റത്തെ തൈ മരച്ചില്ലയിൽ
എന്നും പുലരിയിൽ പാടുന്ന കുയിലമ്മ
    ആരു നിനക്കി നാദമേകി
    ആരാണ് നിന്നുടെ ഗുരനാഥൻ
    ആരാണ് നിന്നുടെ ഗുരുനാഥ
    ഗുരുകുലം തന്നെയും എവിടെയാണ്
ആരു നിനക്കി നാദമേകി
കാക്കയും,ചകോരവും കാക്കാലത്തിയും
കുരുവിയും,പൂത്താം കിളികളും
എല്ലാം നിൻ സോദരൻമ്മാർ
    എന്നെയും കൂടൊന്നു കൊണ്ടുപൊകു
    സുന്ദര നാദമോതി തരുന്ന ഗുരുകുലത്തിലെ
    എന്നെയും കുടൊന്നു കൊണ്ടു പോകു
    എന്നെയും കുടൊന്നു കൊണ്ടു പോകു

–വിദ്യാ ലക്ഷ്മി

# സഹായ ഹസ്തം

ഒരു ദിവസം മൂന്ന് മുയലുകൾ ഒരുമിച്ച് കളിക്കുകയായിരുന്നു. അവർ വളരെ സന്തോഷിച്ചു. അവർ പാടുകയും നൃത്തം ചെയ്യുകയും ചെയ്തു. ഒരു കുറ്റിക്കാട്ടിൽ നിന്ന് ഒരു കടുവ ഇതെല്ലാം വീക്ഷിക്കുന്നുണ്ടായിരുന്നു. കടുവ സന്തോഷിച്ചു. കടുവ കുറ്റിക്കാട്ടിൽ നിന്ന് പുറത്തേക്ക് ചാടി. മുയലുകൾ കടുവയെ കണ്ടു. അവർ കഴിയുന്നത്ര വേഗത്തിൽ ഓടി. കടുവ മുയലുകളെ ഓടിച്ചു. മുയലുകൾ ഓടി. നദിക്കരയിലെത്തി. അവിടെ ഒരു വലിയ ആനയുണ്ടായിരുന്നു. ആന തുമ്പിക്കൈ നീട്ടി. മുയലുകൾ തുമ്പിക്കൈയിലേക്ക് ചാടി. അവർ ആനയുടെ മുതുകിൽ കയറി അതിന്റെ വാലിലൂടെ താഴെയിറങ്ങി. ആന തുമ്പിക്കൈയിൽ വെള്ളം നിറച്ചു. എന്നിട്ട് കടുവയിൽ വെള്ളം തളിച്ചു. കടുവയുടെ കണ്ണിലും വായിലും ചെവിയിലും വെള്ളം കയറി. ആന വീണ്ടും വീണ്ടും വെള്ളം ചീറ്റി. കടുവ താഴെ വീണു. മുയലുകൾ കൈക്കൊട്ടി ചിരിച്ചു. അവർ ആനയോട് നന്ദി പറഞ്ഞു.

ഗുണപാഠം: ഏതൊരാപത്തിലും ഒരാളെ സഹായിക്കാൻ നാം തയ്യാറാകണം.

ഹേസൽ മരിയ
ക്ലാസ്സ് : 9

# രണ്ട് കാക്കകൾ



ചിന്നു കാക്കയും മിന്നു കാക്കയും വളരെ നല്ല കൂട്ടുകാരായിരുന്നു. ഒരു ദിവസം അവർ തമ്മിൽ വെറുതെ ഒരു തർക്കം. ചിന്നു പറഞ്ഞു ഞാനാണ് നിന്നേക്കാൾ മിടുക്കി. അപ്പോൾ മിന്നു പറഞ്ഞു അല്ല ഞാനാണ് നിന്നേക്കാൾ മിടുക്കി. അവർ തമ്മിൽ തർക്കത്തിലായി. അവർ പരസ്പരം ഒരു പന്തയം വെച്ചു. മിന്നു കാക്ക സമ്മതം മൂളി. പന്തയം ഇതായിരുന്നു- കനം ഉള്ള സഞ്ചി കാലിൽ കൊട്ടി പറക്കണം. ഏറ്റവും ഉയരത്തിൽ ആര് പറക്കുന്നുവോ അവരാണ് വിജയി. മിന്നു കാക്ക അതിനും സമ്മതം മൂളി. അങ്ങനെ രണ്ട് പേരും മത്സരത്തിനു തയ്യറായി. ചിന്നു ഒരു ദുഷ്ടമനസ്സുള്ള കാക്കയായിരുന്നു. അവൾ സ്വന്തം സഞ്ചിയിൽ പഞ്ഞി തുണ്ടുകൾ നിറച്ചു. എന്നിട്ട് മിന്നുവിന്റെ സഞ്ചിയിൽ ഉപ്പുകല്ല് നിറച്ചു. ഇരുവരും മത്സരം ആരംഭിച്ചു. പറന്നുയരാൻ തുടങ്ങി. ചിന്നു കാക്ക മിന്നു കാക്കയെക്കാൾ ഉയരത്തിൽ പറക്കാൻ തുടങ്ങി. കാരണം അവളുടെ സഞ്ചിയിൽ പഞ്ഞി തുണ്ടുകളാണ്.

ഉപ്പ് സഞ്ചിയും കൊണ്ട് മിന്നു കാക്കയ്ക്ക് ഉയരത്തിൽ പറക്കാൻ സാധിച്ചില്ല. ഇരുവരും പറന്നു തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ മഴ ചാറാൻ തുടങ്ങി. ചിന്നുവിന്റെ പഞ്ഞിയിൽ മഴപെയ്തു നനഞ്ഞു കുതിർന്നതു കാരണം സഞ്ചിക്ക് ഭാരം കൂടി അതുകൊണ്ട് അവൾക്ക് ഉയരത്തിൽ പറക്കാൻ കഴിഞ്ഞില്ല. മിന്നുവിന്റെ സഞ്ചിയിൽ ഉപ്പാകട്ടെ മഴപെയ്ത് അലിഞ്ഞു പോവുകയും ചെയ്തു. അങ്ങനെ സഞ്ചിയുടെ കനം കുറയുകയും ഉയരത്തിൽ പറക്കുവാനും സാധിച്ചു. അതോടെ മിന്നുകാക്ക മത്സരത്തിൽ വിജയിക്കുകയും ചെയ്തുപാവം നമ്മുടെ ചിന്നു കാക്ക മിന്നുകാക്കയുടെ മുമ്പിൽ ആകെ നാണം കെട്ടു പോയി. നാണിച്ച് അവിടെ നിന്ന് തല താഴ്ത്തി പോയി.

ഗുണപാഠം: ഇതിൽ നിന്നും ചിന്നുകാക്ക ഒരു പാഠം പഠിച്ചു. എന്താണെന്നറിയോ മറ്റുള്ളവരെ പറ്റിച്ചു കൊണ്ട് ഒരിക്കലും വിജയിക്കാൻ കഴിയില്ല. എപ്പോഴും സത്യം
മാത്രമാണ്
വിജയിക്കുക .

---

അൽഫിയ കെ . എ
ക്ലാസ്സ് : 9

ശേഖരണം

# ഒപ്പന

കേരളത്തിൽ വിശേഷിച്ചും മലബാറിലെ മുസ്ലീം സമൂഹത്തിൽ നിലനിൽക്കുന്ന ജനകീയ കലാരൂപമാണ് ഒപ്പന. വിവാഹാഘോഷങ്ങളുടെ ഭാഗമായുള്ള സംഘനൃത്തമാണിത്. സാധാരണ സ്ത്രീകളാണ് ഒപ്പന അവതരിപ്പിക്കുന്നത്. എന്നാൽ നിക്കാഹിനായി വധു ഗൃഹത്തിലേക്ക് പുറപ്പെടും മുൻപ് വരന്റെ വീട്ടിൽ ഒപ്പന അരങ്ങേറുകയാണെങ്കിൽ പുരുഷന്മാരായിരിക്കും നൃത്തമവതരിപ്പിക്കുന്നത്. അഫ്ന എന്ന അറബിവാക്കിൽ നിന്നാണ് ഒപ്പന എന്ന പേരുണ്ടായത്. വിവാഹത്തലേന്നാണ് ഒപ്പനയ്ക്ക് അരങ്ങൊരുങ്ങുന്നത്. പത്തോ പതിനഞ്ചോ പേരുൾപ്പെടുന്ന സംഘമാണ് ഇതവതരിപ്പിക്കുന്നത്. ഹാർമോണിയം, തബല, ഗഞ്ചിറ, ഇലത്താളം എന്നിവയുടെ അകമ്പടിയോടെ വിവിധ താളത്തിൽ പരസ്പരം കൈകൾക്കൊട്ടി ലളിതമായ പദചലനങ്ങളോടെയാണ് ഒപ്പന അരങ്ങേറുന്നത്.

## കൂടിയാട്ടം

ആംഗികം, വാചികം, ആഹാര്യം, സ്വാതികം എന്നിങ്ങനെ നാലുവിധം അഭിനയങ്ങളോടുകൂടി അഭിനയിക്കുന്ന സംസ്കൃത നാടകമാണ് കൂടിയാട്ടം. അഭിനയ കലയ്ക്ക് നൃത്തത്തേക്കാൾ പ്രധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ അഭിനയത്തിന്റെ അമ്മ എന്ന് വിശേഷിപ്പിക്കുന്നു. ചാക്യാന്മാരും നങ്ങ്യാന്മാരും ആണ് കൂടിയാട്ടം അവതരിപ്പിക്കുന്നത്. പുരാണേതിഹാസങ്ങളിൽ നിന്നുള്ള കഥകളാണ് കൂടിയാട്ടത്തിൽ അരങ്ങേറുന്നത്.

## കുമ്മാട്ടി

ശരീരം മുഴുവൻ പർപ്പടകപ്പുല്ല് കുമ്മാട്ടിപ്പുല്ല് കെട്ടിവച്ച് മുഖാവരണം അണിഞ്ഞ്കുട്ടികളും യുവാക്കളും താളത്തിനൊത്ത് നൃത്തം ചവിട്ടുന്ന കളിയാണ് കുമ്മാട്ടിക്കളി. കാതിൽ വഴുതനങ്ങ തൂക്കി കുമ്മാട്ടിക്കോലും പിടിച്ച് ഹാസ്യ കഥാപാത്രമായി ഒരു കിഴവനും കളിക്കാരെ അനുഗമിക്കുന്നു. കുമ്മാട്ടിപ്പാട്ടും പാടി ഓണത്തപ്പനെ സ്വീകരിക്കാനുള്ള ആഘോഷമായാണ് ഈ കളി നടത്തുന്നത്.

## മോഹിനിയാട്ടം

മനോഹരമായ നൃത്തരൂപമാണ് മോഹിനിയാട്ടം. തനി കേരളീയമായ ഈ കലാരൂപത്തിന് ധരിക്കുന്ന വസ്ത്രങ്ങളും എല്ലാം മലയാളത്തിമ ഉള്ളതാണ് കസവുകരയുള്ള ചേലയും ബ്ലൗസുമാണ്. വസ്ത്രം മുടി കെട്ടുന്നത് കേരളീയവനിതകളുടെ പരമ്പരാഗരരീതിക്ക് യോജിച്ചനിലയിലാണ് നെറ്റിയിൽ ചുട്ടിക്കാതുകളിൽ തോടയും കുടകടുക്കനും കഴുത്തിൽ നാഗ പടത്താലി, പവൻ മാല എന്നിവയാണ് ആഭരണങ്ങൾ.

## ഞാറ്റുപാട്ട്

നെൽക്കതിരിന്റെ കാലത്ത് പടർന്ന ഇന്ത്യയിലെ കേരളത്തിലെ നാടൻ പാട്ടുകളാണ് ഞാറ്റു പാട്ട് കൈകളുടെ താളത്തിൽ സ്ത്രീകൾ ഇത് പ്രധാനമായും പാടുന്നത് ജോലി എളുപ്പമാക്കുന്നു ഉത്സാഹം, ഉന്മേഷം എന്നിവയ്ക്കും ഇത് പ്രയോജനകരമാണ്. വീര്യവും സമ്പത്തുമാണ് പാട്ടിലെ പ്രധാന ആശയങ്ങൾ. ഈ നാടൻ പാട്ടുകൾ കേരള സംസ്കാരത്തിന്റെ ഭാഗമാണ്

# പടയണി

കേരളത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ കണ്ണിളിലൊന്നാണ് പടയണി പടശ്രേണി എന്ന പദത്തിൽ നിന്നും ഉത്ഭവിച്ചതാണ് പടയണി. അഥവാ പടയണി നാടക സ്വഭാവമുള്ള കലരൂപമായ പടയണി വിളവെടുപ്പിനോട് സംബന്ധിച്ചാണ് പൊതുവെ നടത്തിവരുന്നത്. കവുങ്ങിൻ പാളയിൽ നിർമ്മിച്ച വലതും ചെറുതുമായ അനേകം കോലങ്ങളേന്തി തപ്പ്, കൈമണി, ചെണ്ട തുടങ്ങിയ വാദ്യങ്ങളുടെ ശബദങ്ങൾക്കിടയിൽ തീച്ചൂട്ടുകളുടെയും പന്തങ്ങളുടെയും വെളിച്ചത്തിൽ തുള്ളിയുറയുന്നതാണ് ഇതിന്റെ അവതരണീതി. പ്രധാനമായും ഭദ്രകാളി ക്ഷേത്രത്തിലും കാവുകളിലും ആണ് പടയണി നടക്കുന്നത്

## ഇരയമ്മൻ തമ്പി (1783-1856)

1783-ൽ തിരുവനന്തപുരം കരമനയിൽ ആണ് ഇരമ്മേൻ തമ്പി ജനിച്ചത്. 1815-ൽ തിരുവിതാംക്കൂറിലെ ആസ്ഥാന കവിയായി സ്വാതിതിരുനാൾ കുഞ്ഞായിരിക്കെ അദ്ദേഹത്തിന്റെ മാതാവിന്റെ ആഗ്രഹപ്രകാരം എഴുതിയ "ഓമനത്തിങ്കൾ കിടാവോ...." എന്ന താരാട്ടുപ്പാട്ട് വളരെ പ്രസിദ്ധമാണ് സംസ്ക്ര പണ്ഢിതനായിരുന്നു ഇരയമ്മൻ തമ്പി ഉത്തരാസ്വയംവരം, കീചകവധം, ബകവധം എന്നീ ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്. 1856-ൽ അദ്ദേഹം അന്തരിച്ചു.

## കേരളപ്പിറവി

ഭാഷയുടെ അടിസ്ഥാസനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാൻ ഇന്ത്യാഗവൺമെന്റ് തീരുമാനിച്ചു. ആ തിരുമാനപ്രകാരം മലയാളം പ്രധാന ഭാഷയായി ഉപയോഗിക്കുന്ന പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്ത് രൂപികരിച്ച സംസ്ഥാനമാണ് കേരളം. 1956 നവംബർ 1നാണ് കേരള സംസ്ഥാനം നിലവിൽ വന്നത്. ആ ദിവസം നാം കേരളപ്പിറവിദിനമായി ആഘോഷിക്കുന്നു.

അന്നു തന്നെയാണ് ആന്ധ്രാപ്രദേശ്, തമിഴ്നാട്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങള രൂപവത്കരിച്ച് രൂപീകരണ സമയത്ത് ആഞ്ചു ജില്ലകളായിരുന്നു.കേരളത്തിൽ ഉണ്ടയിരുന്നത്.തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ, മലബാർ എന്നിവയായിരുന്ന അവ.

1957-ൽ മലബാറിനെ വിഭജിച്ച് പാലക്കാട് കോഴിക്കോട്, കണ്ണൂർ ജില്ലകളും കോട്ടയം, കൊല്ലം ജില്ലകളിലെ പ്രദേശങ്ങളെ ഉൾപ്പടുത്തി ആലപ്പുഴ ജില്ലയും രൂപീകരിച്ചു.

1958-ൽ എറണാകുള,1969-ൽ മലപ്പുറം 1972-ൽ ഇടുക്കി 1980-ൽ വയനാട് 1969-ൽ കാസർകോട് എന്നീ ജില്ലകളും രൂപീകരിച്ചു.

കേരള സംസ്ഥാനത്ത ഇപ്പോൾ 14 ജില്ലകൾ ഉണ്ട്. തിരുവനന്തപുരമാണ് കേരളത്തിന്റെ തലസ്ഥാനം.

# തന്ത്രശാലിയായ കുറുക്കനുംകാക്കയും

ഒരു കാക്ക മരത്തിന്റെ കൊമ്പിൽ ഒരുകഷ്ണം റൊട്ടിയുമായി ഇരിക്കുന്നത് ഒരു കുറുക്കൻ കണ്ടു. കുറുക്കൻ വളരെ വിശന്നു. കാക്ക അതിന്റെ കൊക്കിൽ ഒരു കഷ്ണം റൊട്ടി പിടിച്ചിരിക്കുന്നത് കണ്ടു. കാക്കയിൽ നിന്ന് ഭക്ഷണം കിട്ടാനുള്ള വഴി അവൾ ആലോചിച്ച തുടങ്ങി. അവൾ കാക്കയെ നോക്കി സ്നേഹത്തോടെ പറഞ്ഞു. നീ ഇന്ന് നല്ല ഭംഗിയുള്ളവനാണ്. വാ ഇന്ന് ഞാൻ നിന്റെ വായിൽ നിന്ന് ഒരു പാട്ട് കേൾക്കും
നിങ്ങളുടെ ശബ്ദം വലുതായിരിക്കണം കുറുക്കൻ കാക്കയെ മുഖസ്തുതി പറയാൻ തുടങ്ങി. ഇത്രയധികം പ്രശംസകൾ കേട്ടപ്പോൾ കാക്ക വളരെ അഭിമാനിക്കുകയും വളരെ
സന്തോഷിക്കുകയും ചെയ്തു. കാക്ക അഭിമാനത്തോടെ കഴുത്ത് ഉയർത്തു പാടുകയും വായ തുറന്നയുടനെ തന്റെ അപ്പക്കഷ്ണം നിലത്ത് വീഴുകയും കുറുക്കൻ അത് തിന്നുകയും ചെയ്തു അവൾ പറഞ്ഞു. അതാണ് എനിക്ക് വേണ്ടത്. അവൾ വെട്ടിത്തുറന്ന് പറഞ്ഞു.

–ഡെറീന ഡേവിസ്

# നാടുവിട്ടുപ്പോയ ഒരു ബാലന്റെ കഥ

വേലായുധൻ എന്നാണ് കൊച്ചുകുട്ടിയുടെ പേര്. കുറെയധികം പ്രശ്നങ്ങളുണ്ടായിരുന്നു അവന്. അവന്റെ സ്കൂളിലും അവനെ ആർക്കും ഇഷ്ടമല്ല. ഒരിക്കൽ അവന് ഇത് ഒന്നും സഹിക്കാൻ ആവാതെ നാടുവിട്ടുപ്പോയി. എത്തിചേർന്നത് ബോംബെയിൽ, അവിടെ ഒരു കോടിശ്വരനായ അയാളുടെ അടുത്താണ്. എന്നാൽ അയാൾ ഒരു പാവം മനുഷ്യനായിരുന്നു. അതിനുശേഷം വേലായുധൻ നന്നായി അധ്വാനിക്കുകയും അതോടൊപ്പം കഷ്ടപ്പെട്ട് പഠിക്കുകയും
ചെയ്തു. അങ്ങനെ അവൻ ഒരു വലിയ ഒരാളായി അവന്റെ വലിയ രണ്ട് ആഗ്രഹങ്ങൾ എന്താണ് എന്ന് ചോദിച്ചപ്പോൾ പറഞ്ഞത് അവന്റെ കുടുംബത്തെ നന്നായി നോക്കണം, വീട് തിരിച്ചു പിടിക്കണം, എന്റെ അച്ഛനെയും അമ്മയേയും ഉപദ്രവിച്ച മനുഷ്യരെ നിയമത്തിനെതിരെ കീഴടക്കണം. അങ്ങനെ വേലായുധൻ നാട്ടിൽ തിരിച്ചെത്തി. ഉപദ്രവിച്ച മനുഷ്യരെ നിയമത്തിനുമുന്നിൽ കീഴടക്കി
സ്വന്തം വീട് തിരിച്ചുപിടിച്ചു.
പിന്നീട്
അച്ഛനമ്മമാരോടൊപ്പം
സന്തോഷത്തോടെ
ജീവിച്ചു.

# ആനയും തയ്യൽക്കാരനും



പണ്ടു പണ്ടൊരു ഗ്രാമത്തിൽ ഒരു ക്ഷേത്രം ഉണ്ടായിരുന്നു.ആ ക്ഷേത്രത്തിൽ ഒരു ആനയെ വളർത്തിയിരുന്നു. കുസൃതിക്കാരൻ ആയിരുന്നു ആന. എല്ലാവരും വളരെയധികം ഇഷ്ടപ്പെട്ടു. ദിവസവും വൈകുന്നേരം പാപ്പാൻ അവനെ കുളിപ്പിക്കാനായി അടുത്തുള്ള കുളത്തിലേക്ക് കൊണ്ടുപോകും. ആ സമയം ഗ്രാമവാസികൾ അവന് കഴിക്കാൻ പഴവും ശർക്കരയും ഓലയും നൽകും. അവൻ അതെല്ലാം സന്തോഷത്തോടെ വാങ്ങിക്കഴിക്കും. കിളിച്ചുവരുമ്പോൾ വയർ നിറയെ ആഹാരം കഴിച്ച് സന്തോഷത്തോടെ അവൻ ആടി ആടി വരും.

ഈ കുളത്തിന്റെ വഴിയരികിൽ ഒരു തയ്യൽക്കാരൻ ഉണ്ടായിരുന്നു.അദ്ദേഹത്തിന് ആന വളരെ ഇഷ്ട്ടപ്പെട്ടു.ദിവസവും ആന കുളി കഴിഞ്ഞ് വരുമ്പോൾ അയാൾ പഴങ്ങൾ നൽകുമായിമായിരുന്നു.അതുക്കൊണ്ട് ആന തയ്യൽക്കടയുടെ മുൻപിൽ എത്തുമ്പോൾ പഴത്തിനായി തുമ്പികൈ നീട്ടും.ആ സമയം തയ്യൽക്കാരൻ സന്തോഷത്തോടെ പഴങ്ങൾ വച്ചുകൊടുക്കും.പഴങ്ങൾ കിട്ടിയശേഷം അവൻ തുമ്പികൈ ഇളക്കി അയാൾക്ക് നന്ദിയും പറഞ്ഞ് അവിടെ നിന്ന് മടങ്ങും.

അങ്ങനെ ദിവസങ്ങൾ പിന്നീട്ടു.ഒരു ദിവസം തയ്യൽക്കാരൻ എന്തോ വിഷമിച്ച് ഇരിക്കുന്ന സമയം ആന അവിടെ വന്ന് തുമ്പിക്കൈ നീട്ടി പഴത്തിന് പകരം അദ്ദേഹം സൂചികൊണ്ട് തുമ്പിക്കൈയ്യിൽ ഒന്ന് കുത്തി. ആന നേരെ കുളത്തിൽ പോയി. കുളിക്കഴിഞ്ഞ് വരുമ്പോൾ തുമ്പിക്കൈ നിറയെ വെള്ളവുമായാണ് വന്നത്. തയ്യൽക്കാരൻ കടയിൽ എത്തിയപ്പോൾ തുമ്പിക്കൈയ്യിലെ വെള്ളം ചീറ്റി കടയിലെ തുണികൾ എല്ലാം നനഞ്ഞു.ആനയുടെ നോട്ടം കണ്ടപ്പോൾ തയ്യൽക്കാരന് മനസ്സിലായ്. ഞാൻ ചെയ്ത തെറ്റിന്റെ പരിഹാരമാണ് ഇതെന്ന്.

എന്നോട്ടു ക്ഷമിക്കു ഞാൻ ഇന്നലെ നിന്നോട് ചെയ്ത തെറ്റായിപ്പോയി.ഇനി ഒരിക്കലും ഞാൻ ഇങ്ങനെ പെരുമാറില്ല.ഇതു കേട്ടതും ആന തന്റെ തുമ്പിക്കൈ പൊക്കി തലയും കുലുക്കി അവിടെ നിന്ന് പോയി.

സൗരവ് രമേഷ്

# ശലഭം


ശലഭമേ എന്തു ഭംഗിയാ നിനക്ക്
ശലഭമേ എന്തു ചന്തമേ നിനക്ക്
പല വർണ്ണങ്ങളാൽ മിന്നിതിളങ്ങുന്ന ശലഭമേ
പൂന്തോട്ടങ്ങളിൽ പാറി നടക്കും
പൂക്കളിൽ തേൻ നുള്ളും
പൂവിനെ തഴുകി ഉണർത്തും
പൂന്തോപ്പിനെ മനോഹരമക്കും
പൂമ്പൊടിയാകെ വാരി വിതറും
പല സ്ഥലങ്ങളിൽ ചുറ്റി നടക്കും
ശലഭമേ എന്തു ഭംഗിയാ നിനക്ക്
ശലഭമേ എന്തു ഭംഗിയാ നിനക്ക്
എന്നുള്ളിൽ മായാത്ത ചിത്രമായ് നീ മാറും
ചിത്രശലഭമേ നിന്നെ കാണാൻ
എന്തു ഭംഗിയാ,ചന്തമാ.......

അൽഫോൻസാ ടി പി



# മിന്നു താറാവും കുഞ്ഞിത്തവളയും

ഒരു കാട്ടിൽ ചെറിയ കുളത്തിൽ ഒരു താറാവുണ്ടായിരുന്നു. ഒരു ദിവസം താറാവ് കുളത്തിൽ നീന്തി കൊണ്ടിരിക്കുമ്പോൾ അതു വഴി ഒരു തവള വന്നു. താറാവ് ചോദിച്ചു, നീ ആരാ? ഞാൻ കുഞ്ഞിത്തവള . നിന്റെ പേരെന്താ? മിന്നു ത്താറാവ് . അങ്ങനെ അവർ കൂട്ടുകാരായി.



റിതിക രതീഷ്
ജി എച്ച് എസ് എസ് ചേരാനല്ലൂർ

# _കുട്ടൻ കടയിൽ

ഒരു ഭിവസം കുട്ടൻ നടക്കാനിറങ്ങി. ചായക്കട കണ്ടു കടയിൽ കയറി എന്താ വേണ്ട? കടക്കാരൻ ചോദിച്ചു കുട്ടൻ അലമാരയിൽ നോക്കി. വടയിരിക്കുന്നു വട മതി,കുട്ടൻ പറഞ്ഞു.ഉഴുന്നുവട വേണോ പരിപ്പുവട വേണോ? കടക്കാരൻ ചോദിച്ചു.കുട്ടൻ ആലോചിച്ചു അലമാരയിലേക്ക് വിണ്ടും നോക്കി അതാ.. അടയിരിക്കുന്നു വടവേണ്ട അട മതി. കുട്ടൻ പറഞ്ഞു പാലട വേണോ ഒ◌ാട്ടട വേണോ കടക്കാരൻ ചോദിച്ചു.കുട്ടൻ ആകെ കുഴങ്ങു വേണ്ട ഒന്നു വേണ്ട എനിക്ക് ചായമതി. കുട്ടൻ പറഞ്ഞു പാൽ ചായ വേണോ? കട്ടൻചായ വേണോ? കടക്കാരൻ ചോദിച്ചു.

കുട്ടൻ ചായ മതി കുട്ടൻ ചായകുടിച്ച് മടങ്ങി. കുട്ടന് സന്തോഷമായി.

ജോഹാൻ ജെയ്സൺ

# എന്റെ തുമ്പത്തൈ

പൊന്നിൻ ചിങ്ങ മാസത്തിൽ
മണ്ണിൽ പൊട്ടി മുളച്ച തുമ്പത്തൈ
കിങ്ങിണി കൊമ്പിൻ താഴത്ത്
ഒരു തുമ്പപ്പൂ ഒരു തുമ്പപ്പൂ
തുമ്പപ്പൂവിനെകാണാൻചേല്
തുമ്പപ്പൂവിനെ കാണാൻ ചേല്
തുമ്പപ്പൂവിന്  കാവലായി
കുഞ്ഞു തുമ്പയും തുമ്പികളും
കുഞ്ഞു തുമ്പയും തുമ്പികളും
തുമ്പയുണ്ടാകും നാടിത്
തുമ്പി പറക്കും നാടിത്
തുമ്പിയുണ്ടാകും നാടിത്
തുമ്പി പറക്കും നാടിത്
എന്നുടെ കേരളം
എന്നുടെകേരളം



വിദ്യാലക്ഷ്മി
ക്ലാസ് 4

# കാടിന്റെ ഐശ്വര്യം

മലർ മഞ്ഞുനിറഞ്ഞുകിടക്കുന്ന ഒരു മലയോരം ഒരു ആദിവാസി കുടിലിൽ മീനുവും അവളുടെ മുത്തഛനും താമസിച്ചിരുന്നു. ചെറുപ്പത്തിലെ തന്നെ അമ്മയും അച്ഛനും നഷ്ടപ്പെട്ട മീനുകുട്ടിക്ക് വെറും എട്ട് വയസാണ് പ്രായം. ദിവസവും അതിരാവിലെ കോവിലിൽ മുത്തച്ഛനും അവളും തൊഴാൻ പോകുമായിരുന്നു. പതിവുപോലെ കോവിലിൽ പോകുവാൻ അവൾ മുത്തച്ഛനെ വിളിച്ചു "മുത്തച്ഛാ, എഴുന്നേൽക്ക് കോവിലിൽ പോകാം.

അധികസമയം കഴിഞ്ഞിട്ടും ഉണരാതിരുന്ന മുത്തച്ഛനെ അവൾ കുലുക്കി വിളിച്ചു. പിന്നെയത് നിലവിളിയായി മാറി ആളുകൾ ഓടിക്കൂടി. അവർ ഒരുമിച്ച് ചർച്ചചെയ്ത് ഒരു തിരുമാനമെടുത്തു."

ഇവളാണ്

ഈ കാടിന്റെ ശാപം.ഇവളെ ഇനിയും ഇവിടെ താമസിപ്പിച്ചാൽ നമുക്കും ഇതായിരിക്കും സ്ഥിതി".അങ്ങനെ മീനുക്കുട്ടിയെ അവർ കാടിന്റെ ശാപമായി കണ്ട് അവളെ അവിടെന്ന് പറഞ്ഞയച്ചു.

മീനുക്കുട്ടി അവിടെ നിന്ന് ദു:ഖത്തോടെ യാത്ര പറഞ്ഞ് ഇറങ്ങി. കുറേ നാളുകൾ കഴിഞ്ഞ് പോയി. കാട്ടിൽ പല മാറ്റങ്ങളും സംഭവിച്ചു തുടങ്ങി. മഴ ലഭിക്കാതായി, വൃക്ഷങ്ങൾ ഫലം തരാതെയായി, നീരുറവ വറ്റി തുടങ്ങി, ഇടക്കുള്ള കാട്ടുത്തീയിൽ മൃഗളെല്ലാം
ചത്തൊടുങ്ങി, വിശപ്പ് സഹിക്കാനാകാതെ കാട്ടിലുള്ളവരെല്ലാം വലഞ്ഞു. അവസാനം അവർ മലദൈവത്തെ വിളിച്ചു കരഞ്ഞു.

മല ദൈവം പ്രത്യക്ഷപ്പെട്ടു പറഞ്ഞു." അന്ധവിശ്വാസത്തിന്റെ പേരിൽ നിങ്ങൾ ആരുമില്ലാത്ത കുട്ടിയെ ഈ കാട്ടിൽ നിന്നും പറഞ്ഞയച്ചില്ലെ?
ഞാനിതൊരിക്കലും
ക്ഷമിക്കില്ല.

നിങ്ങൾ ഇതനുഭവിച്ചേ മതിയാവൂ''. അവരെല്ലാവരും കേണപേക്ഷിച്ചിട്ടും മലദൈവം അവരുടെ അപേക്ഷ കേട്ടില്ല. അവരെല്ലാവരുടെയും മനസിൽ മലദൈവത്തിന്റെ വാക്കുകൾ ഒരു ഇടി മിന്നലായി പിന്നെയും പിന്നെയും വന്നു കൊണ്ടിരുന്നു. തങ്ങളുടെ തെറ്റു മനസ്സിലായ അവർ മീനുക്കുട്ടിയെ തേടി കണ്ടെത്തി തിരിച്ചു കാട്ടിലെത്തിച്ചു. മീനു ക്കുട്ടി മല ദൈവത്തോട് പ്രാർത്ഥിച്ചു.''മലദൈവമേ ഇവരെ ശിക്ഷിക്കരുതെ ഇവരെ സഹായിക്കണെ.'' വീണ്ടും മലദൈവം പ്രത്യക്ഷപ്പെട്ടു. അവരെ അനുഗ്രഹിച്ചു. കാട്ടിൽ സമൃദ്ധിയുണ്ടായി.

ആൻലിയ ജോമോൻ



# ഡിജിറ്റൽ ചിത്രജാലകം









അനുപ്രിയ പ്രദീപ്

# കവർ പേജ് ഡിസൈനുകൾ


LK 2023-24
DIGITAL MAGAZINE
കലിക
GHSS CHERANALLOOR


ഗവ.എച്ച്.എസ്.എസ് ചേരാനല്ലൂർ
കലിക
ലിറ്റിൽ കൈറ്റ്സ്


LK 2023-24
DIGITAL MAGAZINE
കലിക
GHSS CHERANALLOOR



# നന്ദി